തൽ തുക വിളിക്കുന്നയാളിന്റെ പേരിൽ അനുവദിക്കുകയും 3 തുല്യ ഗഡുക്കളായി ടി തുക സമാഹരിക്കുകയുമാണു ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) പുതിയ സ്റ്റാളുകൾ നൽകുന്നത് ടെൻഡർ മുഖേനയാണ്. ലൈസൻസ് കാലാവധി തീരുന്ന മുറയ്ക്ക് 15% ലൈസൻസ് ഫീസ് വർദ്ധനവിൽ ഓരോ വർഷത്തേയ്ക്ക് ലൈസൻസ് നീട്ടിക്കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ 29.3.99-ൽ കേരളാ ഹൈക്കോടതി കെ.എസ്.ആർ.ടി.സി. യുടെ എല്ലാ സ്റ്റാളുകളും ഓരോ വർഷത്തേയ്ക്ക് ലേലം ചെയ്തു കൊടുക്കുവാൻ ഉത്തരവായി. 14.4.99-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി മേൽപ്പറഞ്ഞ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

6 (*212) വന്യമൃഗ സങ്കേതങ്ങൾ വികസിപ്പിക്കാൻ നടപടി

ശ്രീ. പി. വിശ്വൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ പാർക്കുകളും വന്യമൃഗസങ്കേതങ്ങളും വികസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നാഷണൽ പാർക്കുകളുടെയും വന്യമൃഗസങ്കേതങ്ങളുടെയും വികസനത്തിന് 1998-99-ൽ എന്തു തുക ചെലവായിട്ടുണ്ട്;

(ഡി) ഇതിൽ കേന്ദ്രവിഹിതമായി എന്തുതുക ലഭിച്ചിട്ടുണ്ട്;

(ഇ) 1999-2000 വർഷത്തേയ്ക്ക് ഇതിനുവേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(എഫ്) നാഷണൽ പാർക്കുകളിലും വന്യമൃഗസങ്കേതങ്ങളിലും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് 'കണ്ടക്ടഡ് ടൂർ' നടത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ജി) ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് കോട്ടേജുകളും ഡോർമറ്ററികളും സ്ഥാപിക്കുമോ;

(എച്ച്) നാഷണൽ പാർക്കുകളേയും വന്യമൃഗ സങ്കേതങ്ങളെയും സംബന്ധിച്ച് വിവരങ്ങൾ അടങ്ങുന്ന ലഘുലേഖകൾ അച്ചടിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) വന്യമൃഗ സങ്കേതങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുക, വന്യമൃഗവേട്ട തടയുക, സംരക്ഷണ സംവിധാനം ശക്തമാക്കുക, ഗവേഷണ പഠനങ്ങൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള ധനസഹായം സംസ്ഥാന ബജറ്റിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടേയും ലഭിച്ചു വരുന്നു. പെരിയാർ വന്യജീവി സങ്കേതത്തിന്റെ സമഗ്ര വികസനത്തിനായി 'പ്രോജക്ട് ടൈഗർ' പദ്ധതിയും ഇന്ത്യ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ഏഷ്യൻ ആനകളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ച പ്രോജക്ട് എലിഫന്റ് പദ്ധതിയും സംരക്ഷിത മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്. 100% കേന്ദ്രസഹായമുള്ള നീലഗിരി ജൈവമേഖല സംരക്ഷണ പദ്ധതി (എൻ.ബി.ആർ) വയനാട് വന്യജീവി സങ്കേതത്തിലും, സൈലന്റ് വാലി ദേശീയോദ്യാനത്തിലും നടപ്പിലാക്കി വരുന്നു. ലോകബാങ്ക് സഹായമുള്ള കേരളാ ഫോറസ്ട്രി പ്രോജക്ട് മുഖേന ജൈവ വൈവിദ്ധ്യ സംരക്ഷണ പരിപാടികൾ എല്ലാ സംരക്ഷിത മേഖലകളിലും നടപ്പിലാക്കി വരുന്നു.

(സി) നാഷണൽ പാർക്കുകളുടെയും വന്യമൃഗ സങ്കേതങ്ങളുടെയും വികസനത്തിന് 1998-99-ൽ ആകെ 1479.88 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) ഇതിൽ കേന്ദ്രവിഹിതമായി 1054.14 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) വന്യജീവി സങ്കേതങ്ങളുടെ വികസനത്തിനായി 2086.52 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 1185 ലക്ഷം രൂപ കേന്ദ്രവിഹിതവും 901.52 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്.

(എഫ്) കണ്ടക്ടഡ് ടൂർ ഉൾപ്പെടെയുള്ള വനദർശൻ പരിപാടികൾ നിർദ്ദിഷ്ട ഇക്കോ ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ സംരക്ഷിത മേഖലകളിലും അവശ്യംവേണ്ട താൽക്കാലിക താമസസൗകര്യങ്ങൾ ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് അനുസൃതമായും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

(എച്ച്) നാഷണൽ പാർക്കുകളെയും വന്യമൃഗസങ്കേതങ്ങളെയും വന്യജീവി സംരക്ഷണ സംബന്ധമായ കാര്യങ്ങളെയും കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്തുവരുന്നുണ്ട്.

7 (*213) വിത്തിനങ്ങളുടെ ലഭ്യത

ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമായ വിത്തിനങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ഒരു വിത്തുനയത്തിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly